വിദ്യാഭ്യാസ പ്രക്രിയയിൽ സിനിമയുടെ പങ്കും സാധ്യതകളും

വിദ്യാഭ്യാസ പ്രക്രിയയിലും സാഹിത്യ പ്രചാരണത്തിലും സിനിമ വഹിക്കുന്ന പങ്ക് കേവലം വിനോദത്തിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല. പരമ്പരാഗത ബോധനരീതികളെയോ അമൂല്യമായ സാഹിത്യകൃതികളെയോ പൂർണ്ണമായി മാറ്റിസ്ഥാപിക്കാതെ തന്നെ, വിജ്ഞാന കൈമാറ്റം കൂടുതൽ സുഗമവും സാർവത്രികവുമാക്കുന്ന ഫലപ്രദമായ ഒരു 'പൂരക മാധ്യമമായി' (Complementary Medium) ചലച്ചിത്രം പ്രവർത്തിക്കുന്നു. കട്ടിയുള്ള പുസ്തകങ്ങൾ മുഴുവനായി വായിച്ചു മനസ്സിലാക്കാൻ സമയമില്ലാത്തവർക്കും അക്ഷരവായന അപ്രാപ്യമായ സാധാരണക്കാർക്കും വിജ്ഞാനത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കാൻ ദൃശ്യമാധ്യമമായ സിനിമയ്ക്ക് സാധിച്ചിട്ടുണ്ട്. പുരാതന ഇതിഹാസങ്ങളും ലോകോത്തര സാഹിത്യകൃതികളും സിനിമയായി സ്ക്രീനിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, അത് അറിവിനെ ജനകീയവൽക്കരിച്ചു. കഥാർസിസ്, സാമൂഹിക ബോധവൽക്കരണം എന്നിവയിലൂടെ വ്യക്തികളിൽ സന്മാർഗ്ഗിക ബോധം വളർത്താനും സിനിമ സഹായിക്കുന്നു. ആനിമേഷൻ ചിത്രങ്ങൾ, സ്മാർട്ട് ക്ലാസ് മുറികൾ, ഡിജിറ്റൽ സാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) എന്നിവയുടെ സഹായത്തോടെ സങ്കീർണ്ണമായ ശാസ്ത്ര-ചരിത്ര തത്ത്വങ്ങൾ ലളിതമായി ബോധ്യപ്പെടുത്താൻ സിനിമയ്ക്ക് കഴിയുന്നുണ്ടെന്ന് ഈ ഗവേഷണ പ്രബന്ധം വ്യക്തമാക്കുന്നു.

താക്കോൽവാക്കുകൾ: ദൃശ്യബോധനം (Visual Pedagogy),സാഹിത്യാനുകല്പനം (Literary Adaptation),പൂരക മാധ്യമം (Complementary Medium) ,ആനിമേഷൻ (Animated Cinema),ധാർമ്മിക വിദ്യാഭ്യാസം (Value Education), ദ്വിവിധ കോഡിങ് സിദ്ധാന്തം (Dual Coding Theory), മൾട്ടിമീഡിയ പഠനം (Multimedia Learning).

മനുഷ്യചരിത്രത്തിൽ അറിവുകൾ തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരുന്നത് പ്രധാനമായും വായ്മൊഴിയിലൂടെയും (oral communication) നേരിട്ടുള്ള തൊഴിൽ പഠനത്തിലൂടെയുമായിരുന്നു (apprenticeship). അറിവുകൾ രേഖപ്പെടുത്താൻ മനുഷ്യൻ പഠിച്ചപ്പോൾ, ശിലാലിഖിതങ്ങളും ഗുഹാചിത്രങ്ങളുമാണ് (carvings and hieroglyphics) അതിനായി ഉപയോഗിച്ചത്. രാജവംശങ്ങളുടെയും ഭരണാധികാരികളുടെയും പ്രധാന സംഭവങ്ങളായിരുന്നു ഇവയിൽ ഭൂരിഭാഗവും പ്രതിഫലിച്ചിരുന്നത്. പിന്നീട് മരത്തോലുകളിലും മരപ്പൾപ്പുകളിലും രേഖകൾ സൂക്ഷിക്കുന്ന രീതി നിലവിൽ വരികയും ഏകദേശം രണ്ടായിരത്തിലധികം വർഷത്തോളം അറിവിന്റെ കൈമാറ്റം ഈ മാധ്യമത്തിലൂടെ തുടരുകയും ചെയ്തു. പേപ്പറിന്റെ കണ്ടെത്തലോടെ പുസ്തകങ്ങൾ അറിവിന്റെ സാർവത്രിക

സൂക്ഷിപ്പുകേന്ദ്രങ്ങളായി മാറി. എന്നാൽ, ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വിദ്യാഭ്യാസ മാധ്യമങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചു.വലിയ പുസ്തകങ്ങൾക്കുള്ളിൽ ഒളിച്ചിരുന്ന വിജ്ഞാനത്തെ ഏതാനും മണിക്കൂറുകൾ നീളുന്ന ദൃശ്യവിരുന്നാക്കി മാറ്റാൻ സിനിമയ്ക്ക് സാധിച്ചു. കഠിനാധ്വാനം കഴിഞ്ഞ് ഒഴിവുസമയം കുടുംബത്തോടൊപ്പം ചെലവഴിക്കാൻ ആഗ്രഹിക്കുന്ന സാധാരണക്കാർക്കും പുസ്തകവായന പ്രയാസകരമായ നിരക്ഷരർക്കും സാഹിത്യവും ചരിത്രവും സാംസ്കാരിക മൂല്യങ്ങളും ലളിതമായി ഉൾക്കൊള്ളാനുള്ള വാതിലാണ് ചലച്ചിത്രം തുറന്നുകൊടുത്തത്. കുടുംബങ്ങൾ തീയേറ്ററുകളിലേക്ക് പോകുന്നത് ഒരു സാമൂഹിക ശീലമായി മാറിയതോടെ, അറിവ് പകരൽ വിനോദത്തോടൊപ്പം ചേർന്നൊരു സാംസ്കാരിക പ്രക്രിയയായി രൂപപ്പെട്ടു.

സൈദ്ധാന്തിക പശ്ചാത്തലം: ദൃശ്യ-ശ്രവ്യ മാധ്യമങ്ങളും പഠനവും

ദൃശ്യമാധ്യമങ്ങളുടെ വിദ്യാഭ്യാസപരമായ മൂല്യത്തെ വിശദീകരിക്കാൻ നിരവധി വിദ്യാഭ്യാസ-മനഃശാസ്ത്ര സിദ്ധാന്തങ്ങൾ സഹായിക്കുന്നു. അലൻ പെയ്വിയോ (Allan Paivio) മുന്നോട്ടുവെച്ച ദ്വിവിധ കോഡിങ് സിദ്ധാന്തം (Dual Coding Theory) അനുസരിച്ച്, മനുഷ്യമനസ്സ് വാചികവും (verbal) ദൃശ്യപരവുമായ (imagistic) വിവരങ്ങളെ രണ്ട് വ്യത്യസ്ത ചാനലുകളിലൂടെയാണ് സംസ്കരിക്കുന്നത്; ഒരേ ആശയം വാക്കുകളായും ദൃശ്യങ്ങളായും ലഭിക്കുമ്പോൾ അത് ഓർമ്മയിൽ കൂടുതൽ ഉറയ്ക്കുന്നു (Paivio, 1986). ഇതിനോട് ചേർന്നുനിൽക്കുന്നതാണ് റിച്ചാർഡ് മേയറുടെ (Richard E. Mayer) മൾട്ടിമീഡിയ പഠന സിദ്ധാന്തം (Cognitive Theory of Multimedia Learning); ചിത്രവും ശബ്ദവും ആഖ്യാനവും ചേരുമ്പോൾ ബോധനപ്രക്രിയ കൂടുതൽ ഫലപ്രദമാകുമെന്ന് അത് വാദിക്കുന്നു (Mayer, 2001). ജെറോം ബ്രൂണർ (Jerome Bruner) വിവരിച്ച ക്രിയാത്മക (enactive), ബിംബാത്മക (iconic), പ്രതീകാത്മക (symbolic) എന്നീ മൂന്ന് പ്രതിനിധാനരീതികളിൽ സിനിമ ബിംബാത്മക തലത്തിലാണ് പ്രവർത്തിക്കുന്നത്; അതുകൊണ്ടുതന്നെ അമൂർത്തമായ ആശയങ്ങളിലേക്കുള്ള ഒരു പടിയായി ഇതിനെ കാണാം (Bruner, 1966).

എഡ്ഗർ ഡെയ്ൽ (Edgar Dale) തന്റെ Cone of Experience എന്ന മാതൃകയിൽ നേരിട്ടുള്ള അനുഭവങ്ങൾക്കും വാചികചിഹ്നങ്ങൾക്കും ഇടയിലായി ചലച്ചിത്രം, റേഡിയോ, ചിത്രങ്ങൾ തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളെ ക്രമീകരിച്ചു; ഇവ അമൂർത്തമായ ആശയങ്ങളെ മൂർത്തമായ അനുഭവങ്ങളോട് അടുപ്പിക്കുന്നു (Dale, 1946). ആൽബർട്ട് ബന്ദുരയുടെ (Albert Bandura) സാമൂഹിക പഠന സിദ്ധാന്തം (Social Learning Theory) പ്രകാരം മനുഷ്യർ മറ്റുള്ളവരുടെ പെരുമാറ്റം നിരീക്ഷിച്ചും അനുകരിച്ചും പഠിക്കുന്നു; സിനിമയിലെ കഥാപാത്രങ്ങൾ അത്തരം മാതൃകകളായി പ്രവർത്തിക്കുന്നതുകൊണ്ടാണ് ചലച്ചിത്രങ്ങൾക്ക് സ്വഭാവരൂപീകരണത്തിൽ സ്വാധീനമുണ്ടാകുന്നത് (Bandura, 1977). മാർഷൽ മക്ലൂഹൻ (Marshall McLuhan)

'മാധ്യമം തന്നെയാണ് സന്ദേശം' (The medium is the message) എന്ന് നിരീക്ഷിച്ചതുപോലെ, സിനിമ എന്ന മാധ്യമത്തിന്റെ സ്വഭാവം തന്നെ കാഴ്ചക്കാരന്റെ ചിന്താരീതിയെ രൂപപ്പെടുത്തുന്നുണ്ട് (McLuhan, 1964). അതേസമയം, ജോൺ സ്വെല്ലറുടെ (John Sweller) Cognitive Load Theory ചൂണ്ടിക്കാട്ടുന്നതുപോലെ, ഒരേസമയം അമിതമായ വിവരങ്ങൾ നൽകുന്ന ദൃശ്യസാമഗ്രികൾ പഠനത്തെ തടസ്സപ്പെടുത്താനും ഇടയുണ്ട് (Sweller, 1988); അതിനാൽ ബോധനോദ്ദേശ്യത്തോടെയുള്ള ചലച്ചിത്രങ്ങൾ ലളിതവും ലക്ഷ്യാധിഷ്ഠിതവുമായി രൂപകൽപ്പന ചെയ്യേണ്ടതുണ്ട്.

സാഹിത്യത്തിന്റെ ദൃശ്യഭാഷ്യം

സാഹിത്യകൃതികൾ ദൃശ്യരൂപമെടുക്കുമ്പോൾ വായനക്കാരൻ സങ്കൽപ്പിച്ച ലോകം കൂടുതൽ തെളിച്ചമുള്ളതായി സ്ക്രീനിൽ ജീവസ്സുറ്റതായി മാറുന്നു. ഹോമറിന്റെ 'ഇലിയഡ്', ദാന്തെയുടെ 'ഇൻഫർണോ', ബൈബിൾ കഥകൾ, രാമായണം, മഹാഭാരതം തുടങ്ങിയ പുരാതന ഇതിഹാസങ്ങൾ ചലച്ചിത്രങ്ങളായപ്പോൾ സാധാരണ ജനങ്ങൾക്ക് അവ വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചു. കഥാപാത്രങ്ങളുടെ വസ്ത്രധാരണം, ശബ്ദനിയന്ത്രണം, പശ്ചാത്തല അന്തരീക്ഷം, ലൈറ്റിംഗ് എന്നിവയ്ക്ക് പുറമേ അമാനുഷിക രംഗങ്ങളെയും അത്ഭുതങ്ങളെയും സാക്ഷാത്കരിക്കുന്ന 'ദൃശ്യചമത്കാരം' എന്ന നാടകീയ-ചലച്ചിത്ര സാങ്കേതികവിദ്യ കാണികളിൽ മായാത്ത മുദ്ര പതിപ്പിച്ചു.

ഷേക്സ്പിയറുടെ ക്ലാസിക് നാടകങ്ങളായ 'ഹാംലെറ്റ്' (Hamlet), 'ജൂലിയസ് സീസർ' (Julius Caesar), 'റോമിയോ ആൻഡ് ജൂലിയറ്റ്' (Romeo and Juliet), 'ഒഥല്ലോ' (Othello), 'കിങ് ലിയർ' (King Lear), 'ദി ടേമിങ് ഓഫ് ദി ഷ്രൂ' (The Taming of the Shrew), 'മെഷർ ഫോർ മെഷർ' (Measure for Measure) എന്നിവയും 'ജുറാസിക് പാർക്ക്' (Jurassic Park), 'ദി സൈലൻസ് ഓഫ് ദി ലാംബ്സ്' (The Silence of the Lambs) തുടങ്ങിയ ലോകോത്തര നോവലുകളും ചലച്ചിത്രങ്ങളായപ്പോൾ, കേവല വായനയ്ക്കപ്പുറമുള്ള ഒരു ബഹുമാധ്യമ (multimedia) അനുഭവമാണ് പ്രേക്ഷകർക്ക് ലഭിച്ചത്. ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവും സിനിമകളായപ്പോൾ അക്ഷരജ്ഞാനമില്ലാത്ത ജനവിഭാഗങ്ങൾക്കും സാഹിത്യസമ്പത്ത് പ്രാപ്യമായി.

കേരളീയ പശ്ചാത്തലത്തിലും സാഹിത്യത്തിന്റെ ജനാധിപത്യവൽക്കരണത്തിന് ചലച്ചിത്രങ്ങൾ വലിയ സംഭാവന നൽകിയിട്ടുണ്ട്. തകഴിയുടെ 'ചെമ്മീൻ', വൈക്കം മുഹമ്മദ് ബഷീറിന്റെ 'മതിലുകൾ', എം.ടി. വാസുദേവൻ നായരുടെ തിരക്കഥയിൽ പിറന്ന 'നിർമ്മാല്യം', ബെന്യാമിന്റെ നോവലിനെ ആസ്പദമാക്കി ബ്ലെസി ഒരുക്കിയ 'ആടുജീവിതം' തുടങ്ങിയ

ചലച്ചിത്രാവിഷ്കാരങ്ങൾ മലയാള അക്ഷരലോകത്തെ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. സങ്കീർണ്ണമായ ഭാഷാ ശൈലികളും പ്രമേയ പരിസരങ്ങളും കാരണം സാധാരണ വായനക്കാർക്ക് അപ്രാപ്യമായിരുന്ന സാഹിത്യകൃതികൾ ദൃശ്യഭാഷയിലൂടെ പുനരവതരിപ്പിക്കപ്പെട്ടപ്പോൾ, അത് പ്രാദേശിക സാംസ്കാരിക ചരിത്രത്തെക്കുറിച്ചുള്ള പൊതുബോധത്തെയും സാഹിത്യബോധത്തെയും വിപുലമാക്കി.

സാഹിത്യവും സിനിമയും തമ്മിലുള്ള ഈ ബന്ധം ചലച്ചിത്രപഠനത്തിൽ 'അനുകല്പന പഠനം' (Adaptation Studies) എന്ന ശാഖയുടെ വിഷയമാണ്. ജോർജ് ബ്ലൂസ്റ്റോൺ (George Bluestone) 'നോവൽസ് ഇൻടു ഫിലിം' (Novels into Film) എന്ന കൃതിയിൽ, ഭാഷയെ ആശ്രയിക്കുന്ന നോവലും ദൃശ്യത്തെ ആശ്രയിക്കുന്ന സിനിമയും അടിസ്ഥാനപരമായി വ്യത്യസ്ത മാധ്യമങ്ങളാണെന്നും അതിനാൽ ഒരു കൃതി സിനിമയാകുമ്പോൾ അതിന് രൂപമാറ്റം സംഭവിക്കുമെന്നും വാദിച്ചു (Bluestone, 1957). ലിൻഡ ഹച്ചിയൻ (Linda Hutcheon) 'എ തിയറി ഓഫ് അഡാപ്റ്റേഷൻ' (A Theory of Adaptation) എന്ന ഗ്രന്ഥത്തിൽ അനുകല്പനത്തെ മൂലകൃതിയോടുള്ള 'വിശ്വസ്തത'യുടെ പ്രശ്നമായി മാത്രം കാണാതെ, ആ കൃതിയുടെ സൃഷ്ടിപരമായ പുനർവ്യാഖ്യാനമായി കാണണമെന്ന് നിർദ്ദേശിക്കുന്നു (Hutcheon, 2006). ഈ വീക്ഷണത്തിൽ, ഒരു സിനിമ പുസ്തകത്തിന്റെ പകരക്കാരനല്ല, മറിച്ച് അതിലേക്കുള്ള ഒരു പ്രവേശനകവാടമാണ്.

വൈക്കം മുഹമ്മദ് ബഷീറിന്റെ 'നീലവെളിച്ചം' എന്ന കഥയെ ആസ്പദമാക്കി എ. വിൻസെന്റ് സംവിധാനം ചെയ്ത 'ഭാർഗവീനിലയം' (1964), കേശവദേവിന്റെ നോവലിനെ അടിസ്ഥാനമാക്കി കെ.എസ്. സേതുമാധവൻ ഒരുക്കിയ 'ഓടയിൽ നിന്ന്' (1965) തുടങ്ങിയ ചിത്രങ്ങളും മലയാള സാഹിത്യകൃതികൾക്ക് വിപുലമായ പ്രേക്ഷകരെ നേടിക്കൊടുത്തു. ഇത്തരം ചിത്രങ്ങൾ കണ്ടതിനുശേഷം മൂലകൃതി തേടി വായനയിലേക്ക് എത്തുന്നവരും ഉണ്ടാകാം; സിനിമ വായനയെ ഇല്ലാതാക്കുന്നില്ല, മറിച്ച് പ്രോത്സാഹിപ്പിക്കുക കൂടി ചെയ്യുന്നു എന്നതിന്റെ സൂചനയാണിത്. ബെന്യാമിന്റെ 'ആടുജീവിതം' എന്ന നോവൽ (ബെന്യാമിൻ, 2008) ബ്ലെസി തിരക്കഥയാക്കിയപ്പോൾ കഥ അതേപടി പകർത്തുകയല്ല, അതിന്റെ ആത്മാവ് കണ്ടെത്തി പുതിയൊരു ഭാഷ്യം നൽകുകയാണ് ചെയ്തതെന്ന് ബെന്യാമിൻ തന്നെ നിരീക്ഷിക്കുന്നുണ്ട് (ബ്ലെസി, 2024); ഇത് ഹച്ചിയന്റെ അനുകല്പന സങ്കൽപ്പവുമായി ചേർന്നുനിൽക്കുന്നു. മലയാള സിനിമയുടെ ചരിത്രപശ്ചാത്തലത്തിന്റെ വിശദമായ വായനയ്ക്ക് ചേലങ്ങാട്ട് ഗോപാലകൃഷ്ണന്റെ 'മലയാള സിനിമ: ചരിത്രം വിചിത്രം' (ചേലങ്ങാട്ട് ഗോപാലകൃഷ്ണൻ, 2013) കാണുക.

സമൂഹവും സിനിമയും: കാഴ്ചയിലൂടെ രൂപപ്പെടുന്ന മൂല്യങ്ങൾ

സിനിമ ബോധനപ്രക്രിയയിലും സ്വഭാവരൂപീകരണത്തിലും നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. സിനിമയിലെ മൂല്യരൂപീകരണവും പഠന വൈകല്യമുള്ളവരിലെ ദൃശ്യബോധനവും താഴെ പറയുന്ന ഘടകങ്ങളിലൂടെ വ്യക്തമാകുന്നു:

മാതൃകകളും അനുകരണവും: ബന്ദുരയുടെ സിദ്ധാന്തപ്രകാരം കുട്ടികൾ കണ്ടുപഠിക്കുന്നവരാണ്. നായകന്റെ നീതിബോധം, സത്യസന്ധത, ത്യാഗമനോഭാവം തുടങ്ങിയ ഗുണങ്ങൾ അവർ അനുകരിക്കാം; അതുപോലെ അക്രമവും അശ്ലീലതയും മഹത്വവൽക്കരിക്കുന്ന കഥാപാത്രങ്ങൾ വിപരീതഫലവും ഉണ്ടാക്കാം. അതിനാൽ കുട്ടികൾ കാണുന്ന ഉള്ളടക്കത്തിന്റെ തിരഞ്ഞെടുപ്പ് നിർണ്ണായകമാണ്.

വൈകാരിക താദാത്മ്യവും സഹാനുഭൂതിയും: കഥാപാത്രത്തിന്റെ സ്ഥാനത്ത് സ്വയം സങ്കൽപ്പിക്കാൻ സിനിമ കാഴ്ചക്കാരനെ പ്രേരിപ്പിക്കുന്നു. ദുർബലരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ജീവിതം സ്ക്രീനിൽ കാണുമ്പോൾ ഉണ്ടാകുന്ന സഹാനുഭൂതി (empathy) സാമൂഹിക ഉൾക്കൊള്ളലിനും (social inclusion) മനുഷ്യത്വത്തിനും അടിത്തറയിടുന്നു. പാഠപുസ്തകത്തിലെ വിവരണത്തേക്കാൾ ആഴത്തിൽ ഈ അനുഭവം മനസ്സിൽ പതിയുന്നു.

പഠന വൈകല്യമുള്ളവരിലെ ദൃശ്യബോധനം: വായനയിൽ ബുദ്ധിമുട്ടു നേരിടുന്ന ഡിസ്‌ലെക്സിയ (dyslexia) പോലുള്ള പഠന വൈകല്യങ്ങളുള്ള കുട്ടികളിൽ അക്ഷരങ്ങളെയും വാക്കുകളെയും മാത്രം ആശ്രയിച്ചുള്ള പഠനം നിരാശയും ആത്മവിശ്വാസക്കുറവും ഉണ്ടാക്കാറുണ്ട്. ദൃശ്യം, ശബ്ദം, ചലനം എന്നിവ ഒരുമിച്ച് ലഭിക്കുന്ന ബഹുഇന്ദ്രിയ പഠനം (multisensory learning) ഇവർക്ക് ആശയം ഗ്രഹിക്കാൻ അക്ഷരവായനയെ മാത്രം ആശ്രയിക്കേണ്ട അവസ്ഥ ഒഴിവാക്കുന്നു. ഡിസ്‌ലെക്സിയ ബാധിച്ച ഒരു കുട്ടിയുടെ ലോകം പ്രമേയമാക്കി ആമിർ ഖാൻ സംവിധാനം ചെയ്ത 'താരേ സമീൻ പർ' (2007) പോലുള്ള ചിത്രങ്ങൾ ഇത്തരം കുട്ടികളെ മനസ്സിലാക്കാൻ അധ്യാപകരെയും രക്ഷിതാക്കളെയും സഹായിക്കുന്നു; അതായത്, ദൃശ്യമാധ്യമം ഇവിടെ പഠനോപാധി മാത്രമല്ല, അവബോധം വളർത്തുന്ന ഉപാധി കൂടിയാണ്.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം: ക്ലാസിക്കൽ രീതികളുടെ പ്രാധാന്യം

ലൈംഗികത, അക്രമം, ഐറ്റം ഗാനങ്ങൾ, അശ്ലീല തമാശകൾ എന്നിവ നിറഞ്ഞ ലാഭകേന്ദ്രീകൃത സിനിമാ രീതികൾക്ക് പകരം കഥ, സംഭാഷണം, അഭിനയം, വൈകാരികത, കഥാർസിസ് (catharsis) എന്നിവയ്ക്ക് പ്രാധാന്യം നൽകിയ ക്ലാസിക്കൽ നാടക ശൈലി തിരികെ വരേണ്ടതുണ്ട്. നാട്ടുപാരമ്പര്യങ്ങളെയും അനുഷ്ഠാനകലകളെയും വിശ്വാസങ്ങളെയും പശ്ചാത്തലമാക്കി, ഷേക്സ്പിയറുടെ

'ഒഥല്ലോ'യ്ക്ക് തെയ്യത്തിന്റെ പരിസരത്തിൽ അനുകല്പനം നൽകിയ ജയരാജിന്റെ 'കളിയാട്ടം' (1997), വടക്കൻ പാട്ടുകളിലെ 'ചതിയൻ ചന്തു'വിനെ എം.ടി.യുടെ തിരക്കഥയിലൂടെ മറ്റൊരു കോണിൽ നിന്ന് കാണിച്ച ഹരിഹരന്റെ 'ഒരു വടക്കൻ വീരഗാഥ' (1989), ജാതിവിവേചനത്തെയും ഭൂമിയുടെ മേലുള്ള അവകാശത്തർക്കങ്ങളെയും ചർച്ച ചെയ്യുന്ന രാജീവ് രവിയുടെ 'കമ്മട്ടിപ്പാടം' (2016), ജാതിചിന്ത ഉള്ളിൽ പേറുന്ന സമൂഹത്തെ തുറന്നുകാട്ടുന്ന രത്തീന പി.ടി.യുടെ 'പുഴു' (2022), ജാതിരാഷ്ട്രീയവും അധികാരഘടനയും വിഷയമാക്കിയ മാർട്ടിൻ പ്രക്കാട്ടിന്റെ 'നായാട്ട്' (2021) തുടങ്ങിയ മലയാള ചിത്രങ്ങൾ വിനോദത്തോടൊപ്പം കൃത്യമായ സാമൂഹിക-ധാർമ്മിക സന്ദേശങ്ങളും നൽകുന്നു.

മൂല്യവിദ്യാഭ്യാസത്തെ ബ്ലൂമും സഹപ്രവർത്തകരും മുന്നോട്ടുവെച്ച വിദ്യാഭ്യാസ ലക്ഷ്യ വർഗീകരണത്തിലെ വൈകാരിക മണ്ഡലവുമായി (affective domain) ചേർത്തു വായിക്കാം. സ്വീകരിക്കൽ, പ്രതികരിക്കൽ, മൂല്യം കല്പിക്കൽ, ക്രമീകരിക്കൽ, മൂല്യാധിഷ്ഠിത സ്വഭാവരൂപീകരണം എന്നീ ഘട്ടങ്ങളിലൂടെയാണ് ഒരാളിൽ മനോഭാവങ്ങൾ വളരുന്നത്. അറിവ് (cognitive domain) പകരാൻ പാഠപുസ്തകങ്ങൾ മതിയാകുമെങ്കിലും, മനോഭാവവും മൂല്യബോധവും രൂപപ്പെടുത്താൻ വൈകാരികാനുഭവം കൂടി ആവശ്യമാണ്; അത് നൽകാൻ സിനിമയ്ക്ക് കഴിയുന്നു. അരിസ്റ്റോട്ടിൽ 'പൊയറ്റിക്സിൽ' (Poetics) വിവരിച്ച കഥാർസിസ് — കരുണയും ഭയവും ഉണർത്തിയുള്ള വികാരശുദ്ധീകരണം — ക്ലാസിക്കൽ നാടകത്തിന്റെ ധാർമ്മികശക്തിയുടെ അടിസ്ഥാനമായി കണക്കാക്കപ്പെടുന്നു (Aristotle, 1996).

കുടുംബബന്ധങ്ങൾ, ലിംഗനീതി, സമകാലിക ജീവിതം എന്നിവയെക്കുറിച്ച് ചിന്ത ഉണർത്തുന്ന മധു സി. നാരായണന്റെ 'കുമ്പളങ്ങി നൈറ്റ്സ്' (2019), ജിയോ ബേബിയുടെ 'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ' (2021), റോജിൻ തോമസിന്റെ 'ഹോം' (2021) തുടങ്ങിയ മലയാള ചിത്രങ്ങൾ ക്ലാസ് മുറിയിലെ ചർച്ചകൾക്ക് മികച്ച ഉപാധികളാണ്. എന്നാൽ സിനിമ കാണുക എന്നത് മാത്രം മൂല്യബോധം ഉറപ്പിക്കുന്നില്ല; കണ്ടതിനുശേഷമുള്ള ചർച്ച, വിശകലനം, റോൾ പ്ലേ എന്നിവയിലൂടെ മാത്രമേ ഈ മൂല്യങ്ങൾ വിദ്യാർത്ഥിയിൽ ആഴത്തിൽ പതിയുകയുള്ളൂ. അതിനാൽ അധ്യാപകരുടെ മാർഗനിർദേശത്തോടെയുള്ള ചലച്ചിത്രാസ്വാദന പ്രവർത്തനങ്ങൾ (film appreciation activities) അനിവാര്യമാണ്. ലോകക്ലാസിക് ചിത്രങ്ങളിലൂടെ ചലച്ചിത്രാസ്വാദനം പരിചയപ്പെടുത്തുന്ന അടൂർ ഗോപാലകൃഷ്ണന്റെ 'കാഴ്ചയുടെ സുവിശേഷം' (അടൂർ ഗോപാലകൃഷ്ണൻ, 2024) പോലുള്ള ഗ്രന്ഥങ്ങൾ ഇത്തരം പ്രവർത്തനങ്ങൾക്ക് അധ്യാപകർക്ക് സഹായകമാകും.

സങ്കല്പങ്ങൾക്ക് ജീവൻ നൽകുമ്പോൾ: അനിമേഷനിലൂടെയുള്ള അറിവുനേട്ടം

പുസ്തകങ്ങളിൽ നിന്ന് വായിച്ചു മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള അമൂർത്ത ശാസ്ത്രീയ നിയമങ്ങൾ, സിദ്ധാന്തങ്ങൾ, സ്വയംസിദ്ധപ്രമാണങ്ങൾ, അനുമാനങ്ങൾ (Abstract theories, laws, axioms and postulates) എന്നിവ ലളിതമാക്കാൻ ആനിമേഷൻ സിനിമകൾ സഹായിക്കുന്നു. ഉയർന്ന ഐ.ക്യൂ (IQ) ഉള്ള കുട്ടികൾ വായിച്ചു പഠിക്കുമ്പോൾ, മന്ദഗതിയിൽ പഠിക്കുന്ന കുട്ടികൾക്ക് (slow learners) ഇത്തരം ആനിമേഷൻ ചിത്രങ്ങൾ വീണ്ടും വീണ്ടും കണ്ട് ആശയങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നു.

ആശയങ്ങളുടെ ഈ ദൃശ്യവൽക്കരണത്തിന് ശാസ്ത്രീയ അടിത്തറയുണ്ട്. ഹോവാർഡ് ഗാർഡ്നറുടെ (Howard Gardner) ബഹുമുഖ ബുദ്ധി സിദ്ധാന്തം (Theory of Multiple Intelligences) വ്യക്തികളിൽ ദൃശ്യ-സ്ഥലപര ബുദ്ധി (visual-spatial intelligence) ഉൾപ്പെടെ വ്യത്യസ്ത ശേഷികൾ ഉണ്ടെന്ന് ചൂണ്ടിക്കാട്ടുന്നു; അതിനാൽ വാചികമായ വിശദീകരണത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടി ദൃശ്യാവതരണത്തിൽ മുന്നിലെത്താം. കോശവിഭജനം, ഗ്രഹങ്ങളുടെ ചലനം, ആറ്റത്തിന്റെ ഘടന, ജലചക്രം തുടങ്ങി നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്തതോ വളരെ സാവധാനമോ വേഗത്തിലോ നടക്കുന്നതോ ആയ പ്രക്രിയകൾ അനിമേഷനിലൂടെ ചലനമായി കാണാൻ കഴിയുന്നു. ആവശ്യമുള്ളപ്പോൾ നിർത്തിയും തിരികെ കണ്ടും ആവർത്തിച്ചും പഠിക്കാനുള്ള സൗകര്യം ഓരോ കുട്ടിക്കും സ്വന്തം വേഗത്തിൽ പഠിക്കാൻ (self-paced learning) അവസരം നൽകുന്നു.

ഇതിഹാസങ്ങൾ വെള്ളിത്തിരയിൽ: അനിമേഷന്റെ പങ്ക്

അദ്ഭുതങ്ങളും മാന്ത്രിക രംഗങ്ങളും നിറഞ്ഞ ഇതിഹാസങ്ങൾ തത്സമയ ചിത്രീകരണത്തേക്കാൾ എളുപ്പത്തിൽ അനിമേഷനിലൂടെ അവതരിപ്പിക്കാം. ഇന്ത്യ-ജപ്പാൻ നയതന്ത്ര ബന്ധത്തിന്റെ നാൽപതാം വാർഷികത്തോടനുബന്ധിച്ച് യുഗോ സാക്കോ (Yugo Sako) നിർമ്മിച്ച് സംവിധാനം ചെയ്ത 'Ramayana: The Legend of Prince Rama' എന്ന ആനിമേഷൻ ചിത്രം കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ധാർമ്മിക മൂല്യങ്ങളും ഇതിഹാസ അറിവുകളും നൽകിയ വിജയകരമായ സംരംഭമാണ്.

ഇതിഹാസങ്ങളുടെ ആനിമേഷൻ ആവിഷ്കാരങ്ങളിൽ കഥ പറച്ചിലിനൊപ്പം സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണവും നടക്കുന്നു. തലമുറകളിലൂടെ വായ്മൊഴിയായി പകർന്ന ഇതിഹാസപാരമ്പര്യത്തിന് ദൃശ്യരൂപം നൽകുമ്പോൾ അത് പുതിയ തലമുറയുടെ ഭാഷയിലേക്ക് മാറ്റിയെഴുതപ്പെടുന്നു. രാമായണം പോലുള്ള ഇതിഹാസങ്ങൾക്ക് ഇന്ത്യയിലും വിദേശത്തും നിരവധി പാഠഭേദങ്ങൾ ഉള്ളതിനാൽ, ഇത്തരം ചിത്രങ്ങൾ ഒരു ആഖ്യാനം മാത്രമാണ് അവതരിപ്പിക്കുന്നതെന്ന

വിമർശനാത്മക ബോധം (critical awareness) വിദ്യാർത്ഥികളിൽ വളർത്താൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതുണ്ട്.

ചെറിയ ഫ്രെയിമുകളിലെ വലിയ ലോകം

ട്രാഫിക് ബോധവൽക്കരണം, പൊതുനിയമങ്ങൾ, ചരിത്ര സംഭവങ്ങൾ എന്നിവ ആസ്പദമാക്കി നിർമ്മിക്കുന്ന ആനിമേഷൻ ചിത്രങ്ങൾ ചരിത്രപുസ്തകങ്ങളിലെ ചിത്രങ്ങളെക്കാൾ കൂടുതൽ ആഴത്തിലുള്ള അറിവ് വിദ്യാർത്ഥികൾക്ക് നൽകുന്നു.

ദൈർഘ്യം കുറഞ്ഞ ചിത്രങ്ങൾ 'സൂക്ഷ്മപഠനം' (microlearning) എന്ന സമീപനത്തിന് അനുയോജ്യമാണ്. ഒരു പാഠഭാഗത്തെ ചെറിയ ഖണ്ഡങ്ങളായി തിരിച്ച് അവതരിപ്പിക്കുന്നത് പഠിതാവിന്റെ വൈജ്ഞാനിക ഭാരം (cognitive load) കുറയ്ക്കുമെന്ന് മേയറുടെ മൾട്ടിമീഡിയ പഠനതത്ത്വങ്ങളിലെ ഖണ്ഡീകരണ തത്ത്വം (segmenting principle) സൂചിപ്പിക്കുന്നു (Mayer, 2001). കുട്ടികൾക്കായുള്ള വിദ്യാഭ്യാസ ടെലിവിഷൻ പരിപാടിയായ 'സെസേം സ്ട്രീറ്റ്' (Sesame Street, 1969) മുതൽ ഇന്ത്യയിൽ 1955-ൽ സ്ഥാപിതമായ ചിൽഡ്രൻസ് ഫിലിം സൊസൈറ്റി (Children's Film Society, India) വരെയുള്ള സംരംഭങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനും വിനോദത്തിനും ചേർന്ന ദൃശ്യസാമഗ്രികൾ ഒരുക്കാൻ ശ്രമിച്ചവയാണ്.

ഡിജിറ്റൽ ശാക്തീകരണവും കേരള മാതൃകയും: വിദ്യാഭ്യാസത്തിന്റെ ഭാവിലോകം

സ്മാർട്ട് ക്ലാസ് മുറികൾ, കൈറ്റ് വിക്ടേഴ്സ് (KITE Victers) ചാനൽ, യൂട്യൂബ് വിദ്യാഭ്യാസ വിഭവങ്ങൾ എന്നിവ ക്ലാസ് മുറികളെ കൂടുതൽ സജീവമാക്കുന്നു. ട്രാഫിക് ബോധവൽക്കരണം, നിയമങ്ങൾ, ചരിത്ര സംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള ഹ്രസ്വ ആനിമേഷൻ ചിത്രങ്ങൾ ബോധനപ്രക്രിയയെ സുഗമമാക്കുന്നു.

ഈ രംഗത്ത് കേരളത്തിന്റെ അനുഭവം ശ്രദ്ധേയമാണ്. 'ഹൈടെക് സ്കൂൾ' പദ്ധതിയിലൂടെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികളിൽ ഐടി ഉപകരണങ്ങളും ലാപ്ടോപ്പുകളും പ്രൊജക്ടറുകളും ലഭ്യമാക്കി. 2020-ൽ കോവിഡ് മഹാമാരിയെത്തുടർന്ന് വിദ്യാലയങ്ങൾ അടച്ചപ്പോൾ 'ഫസ്റ്റ്ബെൽ' ഡിജിറ്റൽ ക്ലാസുകൾ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെയും ഓൺലൈനായും സംപ്രേഷണം ചെയ്തു; ദൃശ്യമാധ്യമം ക്ലാസ് മുറിക്ക് ഒരു ബദലായി പ്രവർത്തിച്ച ഈ അനുഭവം വിദ്യാഭ്യാസത്തിൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ തെളിയിച്ചു. കൈറ്റിന്റെ കണക്കുകൾ പ്രകാരം 2021 ജനുവരിയോടെ 6,200-ലധികം ക്ലാസ് വീഡിയോകൾ (3,100 മണിക്കൂറിലേറെ ഉള്ളടക്കം) ഫസ്റ്റ്ബെല്ലിന്റെ ഭാഗമായി സംപ്രേഷണം ചെയ്തു; ശ്രവണ പുസ്തകങ്ങളും (കാഴ്ചപരിമിതിയുള്ള കുട്ടികൾക്ക് പ്രത്യേക ഊന്നലോടെ) ആംഗ്യഭാഷയിലേക്ക് രൂപപ്പെടുത്തിയ ക്ലാസുകളും ഇതിനോടൊപ്പം ഒരുക്കി. ദേശീയ വിദ്യാഭ്യാസ നയം

2020 (NEP 2020) ഉം വിദ്യാഭ്യാസത്തിൽ സാങ്കേതികവിദ്യയുടെ ഉപയോഗത്തിന് ഊന്നൽ നൽകുന്നുണ്ട് (Ministry of Education, 2020).

ഭാവിയിൽ ഒ.ടി.ടി (OTT) പ്ലാറ്റ്ഫോമുകളും സ്മാർട്ട് ഫോണുകളിലെയും ടാബ് ലെറ്റുകളിലെയും മൈക്രോ എൽ.ഇ.ഡി ഡിസ്പ്ലേകളും (Micro LED displays) വിദ്യാഭ്യാസ രംഗത്തെ നിയന്ത്രിക്കും. സിനിമ തീയേറ്ററുകളിൽ നിന്ന് ഡിജിറ്റൽ സ്ക്രീനുകളിലേക്ക് മാറുക മാത്രമാണ് ചെയ്യുന്നത്. കൂടാതെ, കൃത്രിമബുദ്ധി (AI) സാങ്കേതികവിദ്യ ഉപയോഗിച്ച് അധ്യാപകർക്ക് ഓരോ വിദ്യാർത്ഥിയുടെയും പഠനശേഷിക്കനുസരിച്ച് തൽസമയം നിർമ്മിച്ചെടുക്കാവുന്ന ആനിമേഷൻ ബോധന സാമഗ്രികൾ (personalized instantaneous animation creation) നിർമ്മിക്കാൻ സാധിക്കും. ഇത് വ്യക്തിഗത പഠനത്തെ ഏറെ ജനാധിപത്യവൽക്കരിക്കും.

എന്നാൽ ഈ മാറ്റം വെല്ലുവിളികളില്ലാത്തതല്ല. ടെലിവിഷൻ, സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ ലഭ്യമല്ലാത്തതിനാൽ 'ഡിജിറ്റൽ വിഭജനം' (digital divide) വിദ്യാഭ്യാസ സമത്വത്തിന് ഭീഷണിയാകാം. ഫസ്റ്റ്ബെൽ ആരംഭിച്ച ആദ്യ നാളുകളിൽ തന്നെ ഡിജിറ്റൽ വിഭജനത്തിന്റെ പ്രശ്നം ചർച്ചയായത് ഇതിന്റെ ഉദാഹരണമാണ്. അമിതമായ സ്ക്രീൻ സമയം, വ്യക്തിഗത വിവരങ്ങളുടെ സ്വകാര്യത, AI സൃഷ്ടിക്കുന്ന ഉള്ളടക്കത്തിന്റെ കൃത്യതയും ഉത്തരവാദിത്വവും എന്നിവയും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. അതിനാൽ സാങ്കേതികവിദ്യ അധ്യാപകന്റെ സ്ഥാനം ഏറ്റെടുക്കുകയല്ല, അധ്യാപകന്റെ മാർഗനിർദേശത്തിന് കീഴിൽ ഒരു സഹായിയായി പ്രവർത്തിക്കുകയാണ് വേണ്ടത്.

സാഹിത്യവും സിനിമയും സാങ്കേതികവിദ്യയും പരസ്പരം വിരുദ്ധമല്ലെന്നും, വിദ്യാഭ്യാസം കൂടുതൽ ഫലപ്രദമാക്കാൻ ഇവ ഒന്നിച്ചുനിൽക്കണമെന്നും വ്യക്തമാണ്. ഭാവി തലമുറയ്ക്ക് വിജ്ഞാനം പകർന്നുനൽകുന്നതിൽ സിനിമ എന്നും ഒരു 'പൂരക മാധ്യമമായി' (Complementary Medium) നിലനിൽക്കുകതന്നെ ചെയ്യും.സിനിമ സാഹിത്യത്തെയോ പരമ്പരാഗത ബോധനത്തെയോ മാറ്റിസ്ഥാപിക്കുന്നില്ല, മറിച്ച് വായനക്കാർക്ക് ദൃശ്യാനുഭവം നൽകി അറിവിനെ ശക്തിപ്പെടുത്തുന്നു.ഡിജിറ്റൽ ബോധന രീതികളും, മൈക്രോ എൽ.ഇ.ഡി ഡിസ്പ്ലേകളും, എ.ഐ സാങ്കേതികവിദ്യയും സ്മാർട്ട് ക്ലാസ് മുറികളിലൂടെ സിനിമയെ ബോധനപ്രക്രിയയിലെ അനിവാര്യ സഹായിയാക്കി മാറ്റുന്നു.

സഹായക ഗ്രന്ഥസൂചി

അടൂർ ഗോപാലകൃഷ്ണൻ. (2024). *കാഴ്ചയുടെ സുവിശേഷം*. മനോരമ ബുക്സ്.

ചേലങ്ങാട്ട് ഗോപാലകൃഷ്ണൻ. (2013). *മലയാള സിനിമ: ചരിത്രം വിചിത്രം*. ചിന്ത പബ്ലിഷേഴ്സ്.

ബെന്യാമിൻ. (2008). *ആടുജീവിതം*. ഗ്രീൻ ബുക്സ്.

ബ്ലെസി. (2024). *ആടുജീവിതം (തിരക്കഥ)*. ഡി.സി. ബുക്സ്.

Aristotle. (1996). *Poetics* (M. Heath, Trans.). Penguin Books.

Bandura, A. (1977). *Social learning theory*. Prentice Hall.

Bluestone, G. (1957). *Novels into film*. University of California Press.

Bruner, J. S. (1966). *Toward a theory of instruction*. Harvard University Press.

Dale, E. (1946). *Audio-visual methods in teaching*. Dryden Press.

Hutcheon, L. (2006). *A theory of adaptation*. Routledge.

Mayer, R. E. (2001). *Multimedia learning*. Cambridge University Press.

McLuhan, M. (1964). *Understanding media: The extensions of man*. McGraw-Hill.

Ministry of Education. (2020). *National Education Policy 2020*.

Paivio, A. (1986). *Mental representations: A dual coding approach*. Oxford University Press.

Sweller, J. (1988). Cognitive load during problem solving: Effects on learning.

ഡോ.ബിജോയ്എം

അസിസ്റ്റന്റ് പ്രൊഫസർ

മലയാളവിഭാഗം

ശ്രീനാരായണകോളേജ്,കണ്ണൂർ